പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *293** **20.06.2014 ലെ മറുപടിയ്ക്ക്**

**ഇൻകം ഗ്യാരന്റി സ്കീം പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കാർഷിക മേഖലയിൽ, ചെറുകിട കർഷകന് തന്റെ ഉല്പന്നത്തിന് ന്യായമായ ലാഭം ഉറപ്പുവരുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ; | **(എ)** കാർഷിക മേഖലയിൽ ചെറുകിട കർഷകന് തന്റെ ഉല്പന്നത്തിന് ന്യായമായ ലാഭം ഉറപ്പുവരുത്തുന്നതിനാണ് സംഭരണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രധാന വിളകളായ നെല്ലിനും നാളികേരത്തിനും താങ്ങുവില അനുസരിച്ച് സംഭരണം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനു പുറമെ പഴങ്ങളും പച്ചക്കറികളും വിപണനം നടത്തുമ്പോഴും കർഷകർക്ക് ന്യായമായ വില ലഭിക്കത്തക്കവിധത്തിലുള്ള സംവിധാനങ്ങളും സർക്കാർ നടപ്പിലാക്കി വരുന്നു. കേരളത്തിലെ പ്രധാന വിളയായ നെല്ലിന്റെ വിലത്തകർച്ച നേരിടുന്നതിനായി സംസ്ഥാനത്ത് സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരണം നടപ്പിലാക്കിവരുന്നു. നാളികേരത്തിന് വിപണിയിൽ വിലയിടിവുണ്ടായ സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം നടപ്പിലാക്കിയിട്ടുണ്ട്. കേര കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷിഭവനിലൂടെ കർഷകരിൽ നിന്നും നേരിട്ട് പച്ചതേങ്ങ സംഭരിക്കുന്നതിനുള്ള പദ്ധതി 2013 ജനുവരി മാസം ഒന്നാം തീയതി മുതൽ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്ത വ്യാപാര വിപണികളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം ചെയ്ത് വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നീ സ്ഥാപനങ്ങളും കർഷകരുടെ ഉല്പന്നങ്ങൾ ന്യായവില ഉറപ്പാക്കിക്കൊണ്ട് സംഭരണം നടത്തുന്നുണ്ട്. പഴം, പച്ചക്കറികൾ എന്നീ ഉല്പന്നങ്ങളാണ് ടി സ്ഥാപനങ്ങളിലൂടെ സംഭരിക്കുന്നത്. ഇതിനുപുറമെ റബ്ബറിന്റെ വിലയിടിവിനെ തുടർന്നുണ്ടായ |

| | | | |
|---|---|---|---|
| | | | പ്രതിസന്ധിയിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇൻകം ഗ്യാരന്റി സ്കീം പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) & (സി) | ചെറുകിട നാമമാത്ര കർഷകർക്കുവേണ്ടി ഉല്പാദനച്ചെലവിനുപരിയായി ന്യായമായ ലാഭം ഉറപ്പുവരുത്തുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കുന്നതിനെകുറിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ഏതൊക്കെ വിളകളെ പ്രസ്തുത പദ്ധതിയിൻ കീഴിൽ കൊണ്ടുവരണമെന്ന കാര്യം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ